തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502

**സംഗ്രഹം**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - തിരൂർ താലൂക്ക്, വെട്ടം വില്ലേജിൽ മാങ്ങാട്ടിരി പാലത്തിനു സമീപം സർവകലാശാല ഏറ്റെടുത്ത ഭൂമി - നിർമാണ പ്രവർത്തനങ്ങളുടെയും കാമ്പസ് വികസനത്തിന്റെയും ഭാഗമായി മണ്ണുപരിശോധന നടത്തുന്നതിന് കോഴിക്കോട് എൻ. ഐ.ടി. ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് മണ്ണുപരിശോധനാ ഫീസ് നിക്ഷേപിക്കൽ - അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വൈസ് ചാൻസലറുടെ കാര്യാലയം**

**നമ്പർ : 457/60/ക്യാമ്പ.ഡവ./2020/വി.സി.** **തിരൂർ, തീയതി: 24.11.2020**

പരാമർശം :- (1) 8.10.2020 ലെ ഇതേ നമ്പർ ഉത്തരവ്
(2) 19.11.2020 ലെ CED/TEST/RMV/2020131 എന്ന നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലക്കു പുതിയ കാമ്പസ് നിർമിക്കുന്നതിനായി തിരൂർ താലൂക്കിൽപ്പെട്ട വെട്ടം വില്ലേജിലെ മാങ്ങാട്ടിരി പാലത്തിനു സമീപം പുതുതായി ഏറ്റെടുത്ത ഭൂമിയിൽ കെട്ടിടസമുച്ചയങ്ങൾ പണിയുന്നതിനു മുന്നോടിയായി മണ്ണുപരിശോധന നടത്തുന്നതിന് കോഴിക്കോട് എൻ.ഐ.റ്റി ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപയും ബാധകമായിട്ടുള്ള ചരക്കുസേവന നികുതിയും നിക്ഷേപിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതേ തുടർന്ന്, 17.11.2020 ൽ കോഴിക്കോട് എൻ.ഐ.ടി. സിവിൽ വിഭാഗത്തിൽ നിന്നും നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് മണ്ണുപരിശോധനയ്ക്കായി കുഴിക്കേണ്ട ഭാഗങ്ങൾ അടയാളപ്പെടുത്തുകയുണ്ടായി.

പരാമർശം (2) പ്രകാരം നാലിലധികം ബോറുകൾ ചെയ്തു മണ്ണുപരിശോധന നടത്തേണ്ടി വരുമെന്നും ആയതിലേക്ക് 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ കൂടി കോഴിക്കോട് എൻ.ഐ.റ്റി ഡയറക്ടറുടെ 35981271500 (IFSC: SBIN0002207) എന്ന ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

മണ്ണുപരിശോധനയുടെ അനിവാര്യത കണക്കിലെടുത്തു അധികമായി ആവശ്യമുള്ള 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ കൂടി മണ്ണുപരിശോധനയുടെ ഫീസിനത്തിൽ കോഴിക്കോട് എൻ.ഐ.റ്റി. ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ: 35981271500, NIT കാലിക്കറ്റ്) മാറ്റി നിക്ഷേപിക്കുവാൻ വൈസ് ചാൻസലർ ഉത്തരവായി.

ടി ചെലവ് നടപ്പുസാമ്പത്തിക വർഷത്തിലെ 'I - ഭൗതികസൗകര്യവികസനം (7) സ്ഥിരം കാമ്പസിൽ പുതിയ കെട്ടിടങ്ങൾ, അനുബന്ധസൗകര്യങ്ങൾ' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രജിസ്ടാർ

ഫിനാൻസ് ഓഫീസർ ഇൻ ചാർജ്
വി.സി. കാര്യാലയം / രജിസ്ട്രാർ കാര്യാലയം
ജെ.ഡി, കെ.എസ്.എ.എഡി, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
ഓഫീസ് രേഖ / കരുതൽ രേഖ / വെബ്സൈറ്റ്